പരമാവധി പത്തുവർഷമായും വർദ്ധിപ്പിച്ചിട്ടുണ്ട്. പോലീസ്, എക്സൈസ്, റവന്യൂ എന്നീ വകുപ്പുകളുടെ സംയുക്ത റെയ്ഡുകൾ സംഘടിപ്പിച്ചിട്ടുണ്ട്. ജില്ലാതലത്തിലും ബ്ലോക്ക് തലത്തിലും വ്യാജമദ്യത്തിനെതിരെ ജനകീയ കമ്മിറ്റികൾ രൂപീകരിച്ചിട്ടുള്ളത് ഫലപ്രദമായി പ്രവർത്തിക്കുന്നുണ്ട്.

(സി) അനുബന്ധമായി ചേർത്തിട്ടുണ്ട്†

(ഡി) പരിഗണനയിലില്ല.

(ഇ) സ്വീകരിച്ചിട്ടുണ്ട്.

43 (331) വർക്കലയിൽ എക്സൈസ് സർക്കിൾ ഇൻസ്പെക്ടർ ആഫിസ്

ശ്രീ. എ. അലി ഹസ്സൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വർക്കലയിൽ ഒരു എക്സൈസ് സർക്കിൾ ഇൻസ്പെക്ടർ ആഫീസ് അനുവദിക്കുന്നതിന് നിവേദനം ലഭിച്ചിട്ടുണ്ടോ;

(ബി) അതിൻമേൽ എന്തുനടപടി സ്വീകരിച്ചിട്ടുണ്ട് എന്ന് വ്യക്തമാക്കാമോ;

(സി) വർക്കലയുടെ പ്രാധാന്യം കണക്കാക്കി അടിയന്തിരമായി ഒരു എക്സൈസ് സർക്കിൾ ഇൻസ്പെക്ടർ ആഫീസ് ആരംഭിക്കുന്നതിന് ഉത്തരവുനൽകുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി)&(സി) വർക്കലയിൽ എക്സൈസ് സർക്കിൾ ഇൻസ്പെക്ടർ ആഫീസ് ആരംഭിക്കുന്നതിനുള്ള നിർദ്ദേശങ്ങളൊന്നും ഇപ്പോൾ പരിഗണനയിലില്ല.

44 (332) പരീക്ഷ എഴുതുന്നതിന് അയോഗ്യത കൽപ്പിച്ചെന്ന പരാതി

ശ്രീ. പി.കെ.കെ. ബാവ :
ശ്രീ. പി.കെ. അബ്ദുറബ്ബ് :
ശ്രീ. നാലകത്ത് സൂപ്പി :
ശ്രീ. ഇ.ടി. മുഹമ്മദ് ബഷീർ :
ശ്രീ. ഇസ്ഹാക് കുരിക്കൾ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരുവനന്തപുരം ബാങ്കിംഗ് റിക്രൂട്ട്മെന്റ് ബോർഡ് ഒക്ടോബർ 10-ാം തീയതിയിലെ പൊതുപരീക്ഷ എഴുതുന്നതിൽ പിന്നോക്ക സമുദായത്തിൽപ്പെട്ട ഉദ്യോഗാർത്ഥികളെ അയോഗ്യരാക്കിയതു സംബന്ധിച്ച് എന്തെങ്കിലും പരാതി സംസ്ഥാന സർക്കാരിന് ലഭിച്ചിട്ടുണ്ടോ; എങ്കിൽ വിശദാംശം വെളിപ്പെടുത്തുമോ;

† അനുബന്ധം - VI

LIBRARY ARCHIVES Kerala Legislative Assembly